പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3177 | 21/06/2013-ലെ മറുപടിക്ക് |
|---|---|

**സി.ഡി.എസ് അക്കൗണ്ടന്റുമാരെ പിരിച്ചുവിട്ട നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ഡോ.എം.കെ. മുനീർ<br>ബഹു:പഞ്ചായത്തും-സാമൂഹ്യനീതിയും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള കുടുംബശ്രീയിലെ സി.ഡി.എസ് അക്കൗണ്ടന്റുമാരെ പിരിച്ചുവിട്ട് പുതുതായി അക്കൗണ്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നു; | (എ) | കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ്മാരെ കരാർ അടിസ്ഥാനത്തിൽ സി.ഡി.എസ്സുകളിൽ ഒരു വർഷത്തേയ്ക്കാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത കരാർ ഓരോ വർഷവും സർക്കാർ നിർദ്ദേശാനുസരണം സി.ഡി.എസ് പുതുക്കി നൽകുകയാണ് ചെയ്യുന്നത്. 08.11.2012 ലെ സർക്കാർ ഉത്തരവ് നം. 51006/ഐ.എ1/12/തസ്വഭവ പ്രകാരം നിലവിലുള്ള അക്കൗണ്ടന്റ്മാരുടെ കാലാവധി 2013 മാർച്ച് 31 ന് അവസാനിച്ചിരുന്നു. പുതിയ അക്കൗണ്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ ഉത്തരവിൽ പരാമർശിച്ചതനുസരിച്ച് നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പിരിച്ചുവിടലിനെ തുടർന്ന് സി.ഡി.എസ് ചെയർപേഴ്സൺമാർ ജില്ലായോഗങ്ങൾ ബഹിഷ്കരിക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം ജില്ലാ മിഷന്റെ കീഴിൽ ജില്ലാ പഞ്ചായത്ത് ഹാളിൽ 06.4.2013 ന് നടന്ന സി.ഡി.എസ് ചെയർപേഴ്സൺമാരുടെ യോഗത്തിൽ അക്കൗണ്ടന്റ്മാരെ പിരിച്ചുവിട്ടതിലുള്ള പ്രതിഷേധം രേഖപ്പെടുത്തി സി.ഡി.എസ് ചെയർപേഴ്സൺമാർ യോഗം |

| | | | |
|---|---|---|---|
| | | | ബഹിഷ്കരിച്ചതായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പുതുതായി തെരഞ്ഞെടുക്കുന്നവർക്കുള്ള പരിശീലന പരിപാടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (സി) | പുതുതായി തിരഞ്ഞെടുക്കപ്പെട്ട സിഡിഎസ് അക്കൗണ്ടന്റുമാരുടെ എഴുത്തു പരീക്ഷ ഐഎംജിയുടെ നേതൃത്വത്തിൽ 23/6/2013-ൽ ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എഴുത്തു പരീക്ഷയ്ക്കും അഭിമുഖത്തിനും ശേഷം റാങ്ക് പട്ടിക തയ്യാറാക്കി നിയമനം നടത്തുന്ന മുറയ്ക്ക് ഇവർക്കുള്ള പരിശീലനം നൽകുന്നതാണ് |
| (ഡി) | സി.ഡി.എസ് അക്കൗണ്ടന്റുമാരെ പിരിച്ചുവിടൽ കുടുംബശ്രീ പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചിരിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | സിഡിഎസ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിന് ദിവസവേതന അടിസ്ഥാനത്തിൽ താൽകാലികമായി അക്കൗണ്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. |

17/6/13

സെക്ഷൻ ഓഫീസർ